# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 332

12.11.2019 ൽ മറുപടിക്ക്

## പരിസ്ഥിതിലോല മേഖലയിലെ ക്വാറി, ക്രഷർ യൂണിറ്റുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.അനിൽ അക്കര | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംരക്ഷിത വനമേഖലയോട് ചേർന്നുള്ള പത്ത് കിലോമീറ്റർ ദൂരത്തിൽ ക്വാറി, ക്രഷർ തുടങ്ങിയവയ്ക്ക് നിലവിലുണ്ടായിരുന്ന വിലക്ക് നീക്കുവാനും ദൂരപരിധി കുറയ്ക്കുവാനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ ദേശീയോദ്യാനങ്ങൾക്കും, വന്യ ജീവി സങ്കേതങ്ങൾക്കും ചുറ്റും പരിസ്ഥിതി സംവേദക മേഖലകൾ പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ്. 13.05.2015 ൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് അയച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സംരക്ഷക പ്രദേശങ്ങൾക്കായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു. എന്നാൽ പ്രസ്തുത വിജ്ഞാപനങ്ങൾ 2018 ൽ കാലഹരണപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ സ്ഥിരസ്ഥിതിയായി 10 കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോൺ നിലനിർത്തണമെന്നുള്ള കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം കേരളത്തിനും ബാധകമാണ്. 31.10.2019 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം സംരക്ഷിത പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റുമുള്ള പൂജ്യം മുതൽ ഒരു കിലോ മീറ്റർ വരെ പരിസ്ഥിതി സംവേദക മേഖലയായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദേശങ്ങൾ തയ്യാറാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) സുപ്രീം കോടതി നിർദ്ദേശിച്ച പ്രകാരം വന്യജീവി സങ്കേതങ്ങളുടേയും ദേശീയ ഉദ്യാനങ്ങളുടേയും പത്ത് കിലോമീറ്റർ ചുറ്റളവ് വരെ പരിസ്ഥിതിലോല മേഖലയായി കേന്ദ്ര | (ബി) സുപ്രീം കോടതി നിർദ്ദേശിച്ച പ്രകാരം വന്യജീവി സങ്കേതങ്ങളുടേയും ദേശീയ ഉദ്യാനങ്ങളുടേയും പത്ത് കിലോമീറ്റർ ചുറ്റളവ് വരെ പരിസ്ഥിതിലോല മേഖലയായി കേന്ദ്ര വനം |

| | | | |
|---|---|---|---|
| | വനം പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; ഇതിന് കടകവിരുദ്ധ മായിട്ടുള്ളതാണോ സംസ്ഥാന സർക്കാരിന്റെ തീരുമാനമെന്ന് വ്യക്തമാക്കാമോ; | | പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം പുറപ്പെടു വിച്ചിട്ടില്ല. |
| (സി) | ഇപ്പോൾ എടുത്ത തീരുമാനത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കാമോ; | (സി) | ഇപ്പോൾ എടുത്ത തീരുമാനത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമില്ല. കരട് വിജ്ഞാപനത്തിന്മേലാണ് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമുള്ളത്. |
| (ഡി) | സർക്കാരിന്റെ തീരുമാനം വനം മേഖലയുടെ ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമാകുവാൻ സാധ്യതയില്ലേ; വ്യക്തമാക്കാമോ? | (ഡി) | കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയവും, ബഹു. സുപ്രീം കോടതിയും നിശ്ചയിച്ച മാനദണ്ഡങ്ങൾ, വിവിധ വിദഗ്ധ സമിതികൾ (കേന്ദ്ര സർക്കാരിന്റെ വിദഗ്ധ സമിതി, 2011-ൽ സംസ്ഥാന സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതി) നടത്തിയ പഠനത്തിലെ വിശദാംശങ്ങൾ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നൽകിയ വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി സംരക്ഷിത പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക ചുറ്റുമുള്ള 0 മുതൽ 1 കിലോ മീറ്റർ വരെ പരിസ്ഥിതി സംവേദക മേഖലയായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദേശങ്ങൾ തയ്യാറാക്കുന്നതിനാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത തീരുമാനം വനമേഖലയുടെ ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമായി തീരുവാനുള്ള സാധ്യത വളരെ കുറവാണ്. |

സെക്ഷൻ ഓഫീസർ